പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5422** | **28.7.2015-ൽ മറുപടിക്ക്**

**അർബൻ 2020**

ചോദ്യം

ശ്രീ. സി. ദിവാകരൻ

(എ) കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ഏതെല്ലാം നഗരങ്ങളെയാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്; ഇതിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നറിയിക്കുമോ?

ഉത്തരം

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)
വകുപ്പു മന്ത്രി)

(എ) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടെയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുളള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതനമായ സാങ്കേതിക പരിജ്ഞാനവും, തനത് ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുളള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആറുകൾ) കാലേകൂട്ടി തയ്യാറാക്കാനും പ്രസ്തുത ഡി.പി.ആറുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും, മറ്റ് ഫണ്ടിങ് ഏജൻസികളും നൽകി വരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. കേരളത്തിലെ എല്ലാ നഗരസഭകൾക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. പ്രത്യേകമായി ഒരു നഗരത്തെയും ഉൾപ്പെടുത്തേണ്ടതില്ല.

സെക്ഷൻ ഓഫീസർ